**ഭരണഭാഷ – മാതൃഭാഷ**

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: എ. മുരളീധരൻ)**

തിരുവനന്തപുരം

**നമ്പർ. 8856/18/ജി2(8)** **തീയതി: 15.11.2019**

വിഷയം:- അച്ചടി വകുപ്പ്-തിരുവനന്തപുരം-ജനറൽ വിഭാഗം-ഓവർടൈം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. സർക്കാരിന്റെ 12.03.15 ലെ 484/15/ഉവിവ നമ്പർ ഉത്തരവ്

2. അച്ചടി വകുപ്പ് ഡയറക്ടറുടെ 17.06.2019-ലെ ഇതേ നമ്പർ ഉത്തരവ്.

3. ഷൊർണ്ണൂർ ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 30.09.2019-ലെ 3459/17/എ1 നമ്പർ കത്ത്.

## ഉത്തരവ്

അച്ചടി വകുപ്പിന്റെ കുടിശ്ശികയുള്ള ഓവർടൈം വേതനം 2019-20 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വിതരണം ചെയ്യുന്നതിന് സൂചന (2) പ്രകാരം ഉത്തരവായിരുന്നു. ആയതിൽ ഷൊർണ്ണൂർ ഗവ: പ്രസ്സിലേക്ക് 2016 മെയ് മാസത്തെ ഓവർടൈം കുടിശ്ശിക തുകയായ 16,62,542/-രൂപ അനുവദിച്ചിരുന്നു. എന്നാൽ ടി അനുവദിച്ച തുകയിൽ നിന്നും നിലവിൽ ഷൊർണ്ണൂർ ഗവ: പ്രസ്സിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമേ ഓവർ ടൈം അലവൻസ് വിതരണം ചെയ്യാൻ കഴിഞ്ഞുള്ളൂവെന്നും ഷൊർണ്ണൂർ ഗവ: പ്രസ്സിൽ നിന്നും സ്ഥലം മാറി വിവിധ ഗവൺമെന്റ് പ്രസ്സുകളിൽ ജോലി ചെയ്യുന്നവരും മറ്റ് പ്രസ്സുകളിൽ നിന്നും വിരമിച്ചവരും, ഷൊർണ്ണൂർ ഗവ: പ്രസ്സിൽ നിന്നും വിരമിച്ചവരുമായ ജീവനക്കാർക്ക് തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് പരാമർശം (3) പ്രകാരം മണ്ണന്തല ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം(3) പ്രകാരം ഷൊർണ്ണൂർ ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് അറിയിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ഷൊർണ്ണൂർ ഗവ: പ്രസ്സിൽ നിന്നും സ്ഥലം മാറി സർക്കാർ മുദ്രനിർമ്മാണശാലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് / വിരമിച്ചവർക്ക് 2016 മേയ് മാസത്തെ ഓവർ ടൈം തുകയായ 47,616/-രൂപ (നാൽപ്പത്തിഏഴായിരത്തി അറുന്നൂറ്റി പതിനാറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക തിരുവനന്തപുരം സർക്കാർ മുദ്ര നിർമ്മാണശാലയിൽ മാറി നൽകുന്നതിന് തിരുവനന്തപുരം സർക്കാർ മുദ്ര നിർമ്മാണശാല ഡെപ്യൂട്ടി സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നു.

| നമ്പർ | പേര് | തസ്തിക | ഒ..റ്റി. തുക | ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | അബ്ദുൾ ഹമീദ് എ.എം. | ജൂനിയർ ഫോർമാൻ | 9,260/- | സർക്കാർ മുദ്ര നിർമ്മാണശാല, തിരുവനന്തപുരം |
| 2 | പോൾ റോക്സൺ കെ.ജെ. | അസിസ്റ്റന്റ് ഫോർമാൻ | 11,977/- | ,, |
| | ആകെ | | **21,237/-** | |

..(2)..

**വിരമിച്ചവർ**

| നമ്പർ | പേര് | തസ്തിക | ഒ..റ്റി. തുക | ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | ബീപാത്തുകുട്ടി എം.എ. | ഡെപ്യൂട്ടി സൂപ്രണ്ട് | 22,224/- | സർക്കാർ മുദ്ര നിർമ്മാണശാല, തിരുവനന്തപുരം |
| 2 | രാമചന്ദ്രൻ കെ. | ജൂനിയർ ഫോർമാൻ | 4,155/- | ,, |
| | | ആകെ | **26,379/-** | |

ടി വ്യക്തികളുടെ ഓവർ ടൈം സ്റ്റേറ്റ്മെന്റ് ഷൊർണ്ണൂർ ഗവഃ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് സർക്കാർ മുദ്ര നിർമ്മാണശാല ഡെപ്യൂട്ടി സൂപ്രണ്ടിനെ അറിയിക്കേണ്ടതാണ്.

ടി തുക തന്നാണ്ടത്തെ ''2058-00-103-99-01(6) ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

വിരമിച്ച ജീവനക്കാരുടെ ഓവർടൈം കുടിശ്ശിക ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ആയത് SPARK -ൽ അറിയിച്ച് റീവോക്ക് ചെയ്ത് തുക അനുവദിക്കേണ്ടതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ഡെപ്യൂട്ടി സൂപ്രണ്ട്, സർക്കാർ മുദ്ര നിർമ്മാണശാല, തിരുവനന്തപുരം /
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവഃ പ്രസ്സ്, ഷൊർണ്ണൂർ/
അക്കൗണ്ട്ന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം /
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പകർപ്പ്:-

ഫിനാൻസ് ഓഫീസർ / അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് /
ജൂനിയർ സൂപ്രണ്ട് ജി1, ബി / ബി 3 / ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

എം.കെ.25.11